**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഗവ. പോളിടെക്നിക് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭരണാനുമതി ലഭിച്ച മുക്കം ഗവ. പോളിടെക്നിക് ആരംഭിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിയ്ക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് AICTE ആണ്. AICTE യുടെ 2024-27 വർഷത്തെ Approval process Hand book ലെ വ്യവസ്ഥകളാണ് നിലവിൽ ബാധകമായിട്ടുള്ളത്. |
| (ബി) | ഇതിൽ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയാൽ താൽക്കാലികാടിസ്ഥാനത്തിൽ പോളിടെക്നിക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) | താൽക്കാലികാടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിയ്ക്കുന്നതിന് AICTE അനുമതി നൽകാറില്ല. |
| (സി) | പ്രസ്തുത പോളിടെക്നിക്കിന് ഭൂമി ലഭ്യമാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതെങ്കിലും തലത്തിൽ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ മുക്കം നിയോജക മണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിയ്ക്കുന്നതിനായി 2015- ൽ മുക്കം മുൻസിപ്പാലിറ്റിയിൽ താഴേക്കാട് വില്ലേജ് ചേന്ദമംഗല്ലൂർ ദേശത്ത് മംഗലശ്ശേരി തോട്ടത്തിൽ ഭൂമി കണ്ടെത്തിയിരുന്നു. ടി ഭൂമി വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതിനാൽ ആയത് ആദ്യം റവന്യൂ വകുപ്പിനു കൈമാറേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ